(ഡി) വാട്ടർ അതോറിറ്റിയിൽ നിയമന നിരോധനം നിലവില്ല.

(ഇ) 100 പേരെ നിയമിച്ചു.

(എഫ്) വാട്ടർ അതോറിറ്റിയുടെ പുനഃസംഘടനാ നിർദ്ദേശവും, 1050 സ്കീമുകൾ പഞ്ചായത്തുകൾക്ക് കൈമാറുവാനുള്ള സർക്കാരിന്റെ തീരുമാനവും കണക്കിലെടുത്ത് ഒഴിവുകൾ തിട്ടപ്പെടുത്തോണ്ടതുണ്ട്.

(ജി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി 1622 പമ്പ് ഹൗസുകൾ നടത്തിക്കൊണ്ടു പോകുന്നു.

(എച്ച്) നിലവിലുള്ള വേക്കൻസികൾ ഒരു മാസത്തിനകം പി.എസ്.സി.-യെ അറിയിക്കുവാൻ ബഹു. ഹൈക്കോടതി ഡബ്ല്യു.പി. (സി.) നം. 5549/04, ഡബ്ല്യു.പി. (സി.) നം. 4911/04 എന്നീ കേസുകളിലെ ഇടക്കാല ഉത്തരവിൽ 26-5-2004-ൽ നിർദ്ദേശിച്ചിരുന്നു.

(ഐ) നിയമനം നടത്തിയിട്ടില്ല. വാട്ടർ അതേറിറ്റിയുടെ പുനഃസംഘടന, 1050 വാട്ടർ സപ്ലൈ സ്കീമുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനുള്ള തീരുമാനം എന്നിവ കൂടി കണക്കിലെടുത്ത് സ്ഥിര നിയമന ആവശ്യകത തിട്ടപ്പെടുത്തി ഇക്കാര്യത്തിൽ ഉള്ള ഹൈക്കോടതി വിധിയനുസരിച്ചുള്ള നടപടികൾ സ്വീകരി ക്കേണ്ടതുണ്ട്. കേരളാ വാട്ടർ അതോറിറ്റി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം

67 [1045] ശ്രീ. ടി. പി. എം. സാഹിർ:
„ പി. കെ. അബ്ദുറബ്ബ്:
„ വി. കെ. ഇബ്രാഹിംകുഞ്ഞ്:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ഒരുമാസം വിതരണം നടത്തുന്ന ജലത്തിന്റെ അളവെത്ര;

(ബി) ഇതിന് വേണ്ടിവരുന്ന ചെലവ് എത്ര;

(സി) ഇതിൽ നിന്നും ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി പ്രതിമാസം 42000 മുതൽ 45000 ദശലക്ഷം ലിറ്റർ ജലം വിതരണം നടത്തുന്നു.

(ബി) പ്രതിമാസം 20 മുതൽ 22 കോടി രൂപ വരെ.

(സി) പ്രതിമാസം 9.65 കോടി രൂപ വരെ.

LIBRARY ARCHIVES Kerala Legislative Assembly